**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് - ഇഞ്ചത്തൊട്ടി കുടിവെള്ള പദ്ധതി വൈദ്യുതി ചാർജ്ജ് കുടിശ്ശിക തനത് ഫണ്ടിൽ നിന്നും അടയ്ക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.778 /2019/തസ്വഭവ തിരുവനന്തപുരം, തീയതി,31/03/2019

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27/02/2019 ലെ 4.56 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ കോ -ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഇഞ്ചത്തൊട്ടി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ചാർജ്ജ് കുടിശ്ശികയായ 71,293 ( എഴുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് ) രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.ഭാവിയിൽ ഗുണഭോക്തൃ സമിതി തന്നെ ഇത്തരം ചെലവുകൾ വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി / പ്രസിഡന്റ്, കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ